ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

1624. [2416] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുവേണ്ടി 31-3-1986 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ ഇനിയും എത്രപേർക്ക് അഡ്വാൻസ് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഉള്ളവരെത്ര ;

(സി) ഇവരിൽ വികലാംഗരായ എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വികലാംഗരായ അപേക്ഷകർക്ക് ലോൺ അനുവദിക്കുന്നതിന് എന്തെല്ലാം പരിഗണനകളാണ് കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) വികലാംഗരായ എല്ലാ അപേക്ഷകർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(എഫ്) 1987 മാർച്ചിൽ സറണ്ടർ വരുന്ന തുക വികലാംഗരായ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുവേണ്ടി 31-3-1986 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ ഇനി 84 പേർക്ക് അഡ്വാൻസ് ലഭിക്കാനുണ്ട്.

(ബി) ഇവരിൽ 49 പേർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലുള്ളവരാണ്.

(സി) ഇവരിൽ വികലാംഗനായ ഒരപേക്ഷകൻ മാത്രമേയുള്ളു.

(ഡി) ജനറൽ കാറ്റഗറിയിലെ അപേക്ഷകർക്ക് ലോൺ അനുവദിക്കുന്നതിനേക്കാൾ ഒരു വർഷത്തെ മുൻഗണന വികലാംഗരായ അപേക്ഷകർക്കു നൽകാറുണ്ട്.

(ഇ) വികലാംഗരായ എല്ലാ അപേക്ഷകർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് ഫണ്ടിന്റെ അഭാവത്തിൽ പ്രയാസമാണ്.

(എഫ്) 1987 മാർച്ചിൽ സറണ്ടർ തുക വരുകയാണെങ്കിൽ വികലാംഗനായ അവശേഷിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യം കൂടി പരിഗണിക്കാവുന്നതാണ്.

വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

1625. [2417] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31-3-1986 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിൽ എത്ര വികലാംഗരായ ഉദ്യോഗസ്ഥൻമാർ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലുള്ളവരെത്ര ;

LIBRARY ARCHIVES Kerala Legislative Assembly